ഉത്തരം

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 1993-1994-ൽ ആരംഭിച്ച പ്രത്യേക തൊഴിൽദാന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. ഇത് പരിഷ്കരിച്ചു നടപ്പിലാക്കാൻ നബാർഡ് ഒരു പ്രോജക്ട് ഉണ്ടാക്കുന്നു.

(ബി) പദ്ധതി കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുവേണ്ടി പദ്ധതിയിലെ അംഗങ്ങളായവരെ ഉൾപ്പെടുത്തി കൃഷിഭവനുകൾ തോറും സ്വാശ്രയസംഘങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവയിൽ നിന്ന് തെരഞ്ഞെടുക്കുന്നവരെ പ്രത്യേക പരിശീലനം നൽകി അവരെ മാസ്റ്റർ ഫാർമേഴ്സ് ആക്കുകയും മാസ്റ്റർ ഫാർമേഴ്സ് അവരുടെ കീഴിലുള്ള മറ്റു സ്വയംസഹായ ഗ്രൂപ്പ് അംഗങ്ങളെ പരിശീലിപ്പിച്ച് അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. ഇപ്രകാരം പരിശീലനം പൂർത്തിയായവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭ്യമാക്കുന്നതിനുതകുന്ന മാതൃകാ പ്രോജക്ടുകളും പരിശീലനവും കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന പദ്ധതികളിലും കൃഷി വകുപ്പു നടപ്പാക്കി വരുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളിലും ഇതിലെ അംഗങ്ങൾക്ക് മുൻഗണന നൽകിവരുന്നു.

ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകൾ

60 [1192] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക വ്യാപാര സംഘടനാകാര്യങ്ങളെ സംബന്ധിച്ച ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുവാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുവാൻ മുൻകൈ എടുക്കുമോ;

(ബി) പ്രസ്തുത കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ടി എന്തെങ്കിലും പാക്കേജിന് രൂപം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഡോ. സ്വാമിനാഥൻ കമ്മീഷൻ അനവധി ശുപാർശകൾ നൽകിയിട്ടുണ്ട്. ഇവ രണ്ടു തരത്തിലുള്ളതാണ്. കേന്ദ്ര തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും സംസ്ഥാന തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും. കേന്ദ്രതലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, അവയിൽ തുടർനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കേണ്ട പല പ്രധാനപ്പെട്ട ശുപാർശകളിൻമേലും ഇതിനകം തന്നെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു:

1. സംസ്ഥാനതലത്തിൽ കാർഷിക വ്യാപാരകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ സമിതിയെ സഹായിക്കാനായി സാമ്പത്തിക-ലോക വ്യാപാര കാര്യങ്ങളിൽ വിദഗ്ധനായ ഒരു ഐ.ഇ.എസ്. ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ ഒരു ഡബ്ല്യു.ടി.ഒ. സെൽ രൂപീകരിക്കുകയുണ്ടായി.

3. കാർഷിക വ്യാപാര വിപണനരംഗം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർമൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനായി 5 വർഷക്കാലയളവിലേയ്ക്ക് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

4. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോവാലി) രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഇതിനുള്ള പദ്ധതി കയറ്റുമതി മേഖല പദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

5. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച ആലപ്പി ഗ്രീൻകാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ സ്പൈസസ് ബോർഡുമായി ചേർന്ന് നടപടി എടുത്തു വരുന്നു.

6. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി തുടങ്ങി. ഇതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തനരേഖ തയ്യാറാക്കി ആദ്യപടിയായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവകുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. ഡോ. വി. എൻ. ചോപ്രാ കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശപ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി ടെലിവിഷനിലൂടെ കൃഷി വിജ്ഞാനവ്യാപനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും കയറ്റുമതി സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുവാൻ സംസ്ഥാനത്തെ 9 ജില്ലകളെ ഉൾപ്പെടുത്തി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമ സെൽ രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖല കളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തി വയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

11. എൻ.ഡി.ഡി.ബി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ഒരു ജന്തുരോഗ നിയന്ത്രണമേഖല ആക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

13. മത്സ്യബന്ധനം സംബന്ധിച്ച ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടുനയം രൂപപ്പെടുത്തി.

14. വിനോദസഞ്ചാരമേഖലയിൽ ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്ച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

(ബി) ഇല്ല.

സംസ്ഥാനത്തെ നെല്ലുൽപ്പാദനം

61 [1193] ശ്രീ. സി. കെ. നാണു:
" എ. സി. ഷൺമുഖദാസ്:
" കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഇപ്പോഴുള്ള നെൽകർഷകരുടെ എണ്ണവും തൊഴിലുമായി ബന്ധപ്പെടുന്ന തൊഴിലാളികളുടെ എണ്ണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) വർദ്ധിച്ചിട്ടില്ല.

(ബി) നെൽകർഷകരുടെയും തൊഴിലുമായി ബന്ധപ്പെടുന്ന തൊഴിലാളി കളുടെയും വിവരം ഗവൺമെന്റിൽ ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly